ഉത്തരം

(എ) ആലപ്പുഴ-കോട്ടയം, ആലപ്പുഴ-ചങ്ങനാശ്ശേരി, കോട്ടയം-വൈക്കം എന്നീ തോടുകളാണ് വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്.

(ബി) ലോക ബാങ്കിൽ നിന്നും ഗതാഗത വികസനത്തിന് അനുവദിച്ചിട്ടുള്ള 1250 കോടിയിൽ ഇതിനുള്ള ചെലവും ഉൾപ്പെടുന്നു.

(സി) അംഗീകരിച്ചിട്ടുണ്ട്.

(ഡി) ഈ പദ്ധതിയും ഗതാഗത വികസന പദ്ധതിയുടെ ഭാഗമായതിനാൽ അതേ വ്യവസ്ഥകൾ ഇതിനും ബാധകമാണ്. ലോകബാങ്ക് അനുവദിച്ചിട്ടുള്ള തുകയിൽ 70% വായ്പ, 30% ഗ്രാന്റ് എന്ന രീതിയിലാണ് ലഭ്യമാവുക. ഈ തുക സംസ്ഥാന സർക്കാർ നേരിട്ടല്ല വായ്പയായി എടുത്തിട്ടുള്ളത്. പ്രസ്തുത വായ്പ കേന്ദ്ര സർക്കാർ വഴി അധിക കേന്ദ്ര സഹായം (അഡീഷണൽ സെൻട്രൽ അസിസ്റ്റൻസ്) ആയാണ് സംസ്ഥാന സർക്കാരിന് നൽകുന്നത്. ഈ തുക മാനദണ്ഡങ്ങൾക്കനുസരിച്ച് 2007 ജൂൺ 15 മുതൽ 15 ഗഡുക്കളായി കേന്ദ്ര സർക്കാർ ആണ് തിരിച്ചടയ്ക്കേണ്ടത്.

കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാത

84 [1770] ശ്രീ. പി. ടി. തോമസ്:
„ ടി. എൻ. പ്രതാപൻ:
„ ടി. യു. രാധാകൃഷ്ണൻ:
„ തേറമ്പിൽ രാമകൃഷ്ണൻ:
„ വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാത ഇപ്പോൾ ഉപയോഗയോഗ്യമായിട്ടുണ്ടോ;

(ബി) ഇനി ഏതെല്ലാം സ്ഥലങ്ങളിൽ ഈ ജലപാത വികസിപ്പിക്കേണ്ടതുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) തിരുവനന്തപുരം-കൊല്ലം ജലപാത വികസിപ്പിക്കുവാനുദ്ദേശ്യമുണ്ടോ;

(ഡി) വർക്കല തുരങ്കം കേടുപാടുകൾ തീർത്ത് നന്നാക്കുവാൻ കഴിയുമോ എന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാതയിൽ ഉൾപ്പെടുന്ന ചമ്പക്കര-ഉദ്യോഗമണ്ഡൽ കനാലുകൾ മാത്രമാണ് ഇപ്പോൾ ഉപയോഗയോഗ്യമായിട്ടുള്ളത്.

(ബി) കൊച്ചി-ആലപ്പുഴ, ആലപ്പുഴ-കായംകുളം, കായംകുളം-ഇടപ്പള്ളിക്കോട്ട, ഇടപ്പള്ളിക്കോട്ട-കൊല്ലം എന്നീ ജലപാതകൾ വികസിപ്പിക്കേണ്ടതുണ്ട്. ഇവയിൽ കൊച്ചി-ആലപ്പുഴ ജലപാതയിലെ ഡ്രഡ്ജിംഗ് പണി വിജയകരമായി പൂർത്തിയാക്കി കഴിഞ്ഞു.

(സി) ഉദ്ദേശ്യമുണ്ട്.

(ഡി) വർക്കലയിലെ ടി.എസ്. കനാലും, തുരങ്കങ്ങളും നൂറ് വർഷങ്ങൾക്കു മേൽ പഴക്കമുള്ളവയാണ്. ഹോഴ്സ്ഷൂ ആകൃതിയിലുള്ള ഇവയ്ക്ക് നാഷണൽ വാട്ടർവേ സ്റ്റാന്റേർഡ് അനുസരിച്ചുള്ള പൊക്കമോ വീതിയോ ഇല്ല. തുരങ്കത്തിന്റെ കേടുപാടുകൾ തീർക്കാൻ കഴിയുമെങ്കിലും, നാഷണൽ വാട്ടർവേ സ്റ്റാന്റേർഡ് പ്രകാരം ആവുകയില്ല.

ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികൾ

85 [1771] ഡോക്ടർ തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികൾ ഏതൊക്കെയാണെന്നും അവ ഓരോന്നും ഏതേത് വർഷം ആരംഭിച്ചുവെന്നും വിശദമാക്കുമോ;

(ബി) മേൽപ്പറഞ്ഞ ഓരോ ക്ഷേമപദ്ധതികളിലൂടെ 31-12-2003 വരെ എന്ത് തുക വീതം സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും ചെലവഴിച്ചുവെന്ന് വിശദമാക്കുമോ;

(സി) മേൽപ്പറഞ്ഞ ഓരോ പദ്ധതികളിലൂടെ ഈ സർക്കാർ എന്ത് തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) ഏതൊക്കെ ക്ഷേമ പദ്ധതികളുടെ ആനുകൂല്യം കുടിശ്ശികയായിയെന്നും എത്ര നാളത്തെ കുടിശ്ശിക നൽകുവാനുണ്ടെന്നും വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly